(ഡി) ഈ പദ്ധതി അനുസരിച്ച് പ്രൈമറി തലത്തിൽ അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പല പ്രവർത്തനങ്ങളും നടപ്പിലാക്കിയിട്ടുണ്ട്. അവയിൽ സ്കൂൾ ഗ്രാന്റും മെയിന്റനൻസ് ഗ്രാന്റും ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങളായ ക്ലാസ്മുറികളുടെ നിർമ്മാണം, മൂത്രപ്പുര നിർമ്മാണം, കുടിവെള്ള സൗകര്യമൊരുക്കൽ, ചുറ്റുമതിൽ, സ്കൂൾ കെട്ടിടം, ഇടഭിത്തി എന്നിവയുടെ നിർമ്മാണം, സ്കൂൾ വൈദ്യുതീകരിക്കൽ എന്നിവ നടത്തിയിട്ടുണ്ട്.

(ഇ) ഉണ്ട്.

(എഫ്) സർക്കാരിന്റെ ശ്രദ്ധയിൽ വന്ന പരാതികളെപ്പറ്റി അന്വേഷിച്ചു വരികയാണ്.

പൊതുവിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ പ്രമോഷൻ

86 [3260] ശ്രീമതി എലിസബത്ത് മാമൻ മത്തായി:
ശ്രീ. ജോസഫ് എം. പുതുശ്ശേരി:
,, തോമസ് ഉണ്ണിയാടൻ:
,, സ്റ്റീഫൻ ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് പ്രൊമോഷൻ സാദ്ധ്യത പരിമിതമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊതുവിദ്യാഭ്യാസ വകുപ്പ് സർവ്വീസിൽ എൽ.ഡി. ക്ലാർക്കായി പ്രവേശിച്ച് പ്രമോഷന് ആവശ്യമായ എല്ലാ ഡിപ്പാർട്ടുമെന്റൽ പരീക്ഷകളും പാസ്സായി 14 വർഷം കഴിഞ്ഞിട്ടും യു.ഡി. ക്ലാർക്കായി പ്രമോഷൻ ലഭിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പൊതുവിദ്യാഭ്യാസ വകുപ്പ് മിനിസ്റ്റീരിയൽ ജീവനക്കാരുടെ യു.ഡി. ക്ലാർക്ക്, ഹെഡ് ക്ലാർക്ക്, ജൂനിയർ സൂപ്രണ്ട് തുടങ്ങിയ തസ്തികകളിൽ ധാരാളം ഒഴിവുകൾ ഉണ്ടാകാറുണ്ടെങ്കിലും അവ യഥാസമയം നികത്തി പ്രൊമോഷൻ നൽകാറില്ലെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) 1-7-2004-ൽ ഒഴിവ് വന്ന യു.ഡി. ക്ലാർക്ക്, ഹെഡ് ക്ലാർക്ക്, ജൂനിയർ സൂപ്രണ്ട് എന്നിവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പൊതുവിദ്യാഭ്യാസ വകുപ്പിൽ 31-10-1992 വരെ സർവ്വീസിൽ പ്രവേശിച്ച ടെസ്റ്റ് യോഗ്യത നേടിയ എൽ.ഡി. ക്ലാർക്കുമാർക്ക് യു.ഡി. ക്ലാർക്കായി പ്രമോഷൻ നൽകിയിട്ടുണ്ട്.

(സി) പൊതുവിദ്യാഭ്യാസ വകുപ്പ് മിനിസ്റ്റീരിയൽ ജീവനക്കാരുടെ യു.ഡി. ക്ലാർക്ക്, ഹെഡ് ക്ലാർക്ക്, ജൂനിയർ സൂപ്രണ്ട് തുടങ്ങിയ തസ്തികകളിൽ ഉണ്ടായ ഒഴിവുകൾ യഥാസമയം നികത്തിയിട്ടുണ്ട്.

(ഡി) പൊതുവിദ്യാഭ്യാസ വകുപ്പിൽ യു.ഡി. ക്ലാർക്കുമാരുടെ സീനിയോറിറ്റി സംസ്ഥാനതലത്തിലാണ് കണക്കാക്കുന്നത്. 1-7-2004-ൽ 36 യു.ഡി. ക്ലാർക്കുമാരുടെ ഒഴിവുകൾ ഉണ്ടായിട്ടുണ്ട്. ഹെഡ് ക്ലാർക്കുമാരുടെ ഒഴിവുകൾ ഇപ്പോൾ നിലവിലില്ല. ജൂനിയർ സൂപ്രണ്ടിന്റെ ഒരു ഒഴിവ് നിലവിലുണ്ട്.

വിദ്യാഭ്യാസ പരിഷ്ക്കാരങ്ങളെക്കുറിച്ച് നാഷണൽ ലിറ്ററസി റിസോഴ്സ് സെന്ററിന്റെ റിപ്പോർട്ട്

87 [3261] ശ്രീ. ബിനോയ് വിശ്വം:

" മാങ്കോട് രാധാകൃഷ്ണൻ:

,, എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിയ വിദ്യാഭ്യാസ പരിഷ്ക്കാരങ്ങളെക്കുറിച്ച് മുസ്സോറിയിലെ നാഷണൽ ലിറ്ററസി റിസോഴ്സ് സെന്റർ തയ്യാറാക്കിയ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ റിപ്പോർട്ടിലെ വിശദവിവരങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ ആന്റ് ബി) നാഷണൽ ലിറ്ററസി റിസോഴ്സ് സെന്റർ തയ്യാറാക്കിയ റിപ്പോർട്ടുകൾ ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly